**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 957 — 12.12.2012 ന് മറുപടിയ്ക്ക്

## സർക്കാർ ഐ.ടി.ഐ. കളിൽ നിന്നും ട്രെയിനിംഗ് പൂർത്തിയാക്കിയവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് : | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായ പരിശീലന വകുപ്പിൽ മുൻ സർക്കാരിന്റെ കാലത്തു നടത്തിയ പ്രവർത്തനങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത കാലയളവിൽ എത്ര ഐ.ടി.ഐ. കൾ പുതുതായി ആരംഭിക്കാൻ കഴിഞ്ഞു; അതുവഴി എത്ര പേർക്ക് ട്രെയിനിംഗ് സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞു ; | (എ) മുൻ സർക്കാരിന്റെ കാലത്തെ പ്രവർത്തനം വിലയിരുത്തിയിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ 38 ഐ.ടി.ഐ. കളാണ് വ്യാവസായിക പരിശീലന വകുപ്പിൽ ആരംഭിച്ചത്. ഇതുവഴി ആകെ 2516 പേർക്ക് ട്രെയിനിംഗ് ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഐ.ടി.ഐ. കളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ഐ.ടി.ഐ. കളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ISO സർട്ടിഫിക്കേഷൻ ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കോഴിക്കോട്, ഏറ്റുമാനൂർ ഐ.ടി.ഐ.കൾക്കാണ് ISO സർട്ടിഫിക്കേഷൻ നിലവിലുള്ളത്. നൂതന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയ വെർച്ചൽ ക്ലാസ്സ് റൂം പദ്ധതി, പ്ലേസ്മെന്റ് ഉറപ്പാക്കുന്നതിനായി ജോബ് പോർട്ടൽ, പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പരിശീലന പരിപാടികൾ, വിദഗ്ധ തൊഴിൽ സംരംഭകരുമായും മൾട്ടിനാഷണൽ കമ്പനികളുമായുള്ള സഹകരണം, വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഏർപ്പെടുത്തിയ ബയോമെട്രിക് അറ്റൻഡൻസ് സിസ്റ്റം, പരിസ്ഥിതി സൗഹൃത ക്യാമ്പുകൾക്കായി ആരംഭിച്ച ഗ്രീൻ ക്യാമ്പസ് പദ്ധതി, എന്നിവ ഇവയിൽ ചിലതാണ്. സംസ്ഥാനത്തെ ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തി ലേയ്ക്കുയർത്തുന്നതിനും ബെഞ്ച്മാർക്ക് ചെയ്യുന്നതിനുമായി ഐ.ടി.ഐ. കളുടെ നിലവാര നിർണ്ണയ പഠനം ക്വാളിറ്റി കൗൺസിൽ ഓഫ് |

ഇന്ത്യയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു. എല്ലാ ഐ.ടി.ഐ.കൾക്കും വെബ്സൈറ്റ് ഏർപ്പെടുത്തുന്ന പദ്ധതി പുരോഗമിച്ചുവരുന്നു.

(സി) ഇപ്പോൾ വിവിധ ഗവൺമെന്റ് ഐ.ടി.ഐ. കളിലെ പ്രിൻസിപ്പൽ മാരുടെതടക്കമുള്ള തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) സർക്കാർ ഐ.ടി.ഐ. കളിൽ നിന്ന് ട്രെയിനിംഗ് പൂർത്തിയാക്കി ഓരോ വർഷവും എത്ര പേർ വീതം പുറത്തിറങ്ങുന്നുണ്ട്;

(ഡി) എൻ.സി.വി.ടി., സിഒ.ഇ, എസ്.സി.വി.ടി എന്നീ സ്കീമുകളിലായി ശരാശരി 10,700 പേർ ഓരോ വർഷവും ട്രെയിനിംഗ് പൂർത്തിയാക്കി പുറത്തിറങ്ങുന്നുണ്ട്.

(ഇ) ഇവർക്ക് മതിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ) ഐ.ടി.ഐ. ട്രെയിനിംഗ് പാസ്സായവർക്കായി വകുപ്പ് ഒരു ജോബ് പോർട്ടൽ www.skilljobs.kerala.gov.in. എന്ന പേരിൽ ആരംഭിച്ചിട്ടുണ്ട്. തൊഴിലന്വേഷകർക്കും തൊഴിൽ ദായകർക്കും ഇടനിലക്കാരില്ലാതെ പരസ്പരം പ്രയോജനപ്പെടുത്താവുന്നതാണ് ഈ പോർട്ടൽ. കൂടാതെ കാലാകാലങ്ങളിൽ ജോബ് ഫെയർ, സ്കിൽ ഫെസ്റ്റ് എന്നിവയും വകുപ്പ് സംഘടിപ്പിക്കാറുണ്ട്. എല്ലാ ഐ.ടി.ഐ. കളിലും പ്രവർത്തിച്ചുവരുന്ന പ്ലേസ്മെന്റ് സെല്ലും ട്രെയിനികൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.